## 15 -ാം കേരള നിയമസഭ

## 16 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 39** — **27-01-2026 - ൽ മറുപടിയ്ക്ക്**

### നവകേരള സദസ്സിന്റെ ഭാഗമായി ദേവികുളം മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സിന്റെ ഭാഗമായി ദേവികുളം മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചെന്നും നിലവിൽ അവയുടെ നിർമ്മാണ പുരോഗതിയെന്തെന്നും വിശദമാക്കുമോ? | (എ) | നവകേരള സദസ്സിൻ്റെ ഭാഗമായി 'ദേവികുളം മണ്ഡലത്തിൽ കൺവെൻഷൻ സെൻ്റെർ നിർമ്മാണം-മൂന്നാർ', '200 ഏക്കർ-മെഴുകുംചാൽ -ഇരുമ്പുപാലം റോഡ് എന്നീ പ്രവർത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.<br><br>മൂന്നാർ കൺവെൻഷൻ സെൻ്ററിന്റെ നിർമ്മാണ പ്രവൃത്തിക്കായി മൂന്നാർ പഞ്ചായത്തിൻ്റെ വക സ്ഥലം ബഹു. ദേവികുളം എം.എൽ.എ വഴി കണ്ടെത്തുകയും ടി സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്കായി താൽക്കാലികമായി കൈമാറി നൽകണമെന്ന് ആവശ്യപ്പെട്ട് മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുമുണ്ട്. സ്ഥലത്തിന്റെ സ്കെച്ച് ലഭ്യമായിട്ടില്ല. ടി സ്ഥലത്ത് Topographic സർവ്വെ നടത്തുന്നതിനായി RIQCL എറണാകുളം കാര്യാലയത്തിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ടി കാര്യാലയത്തിൽ നിന്നും സ്ഥലം സന്ദർശിച്ച് Topographic സർവ്വെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>200 ഏക്കർ-മെഴുകുംചാൽ -ഇരുമ്പുപാലം റോഡിലെ സർഫസിംഗ് പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ